## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 373 19.03.2018-ലെ മറുപടിക്ക്

### ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ മലയാള വിവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നത് ആലോചിക്കുന്നുണ്ടോ; | (എ) | ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ ഇംഗ്ലീഷിനു പുറമേ മലയാളത്തിൽ കൂടി തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പാഠപുസ്തകങ്ങൾ മലയാളത്തിലാക്കുന്നതിന്റെ നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | മാതൃഭാഷയിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നപക്ഷം ബോധനരീതി കൂടുതൽ കാര്യക്ഷമമാകുന്നതും അതുവഴി ബുദ്ധിമുട്ടേറിയ പാഠഭാഗങ്ങൾ വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ സ്വായത്തമാക്കുന്നതിന് സാധ്യമാകുന്നതാണ്. കൂടാതെ മാതൃഭാഷയിൽ അവസരം ലഭിക്കുമ്പോൾ ആശയങ്ങൾ ഉൾക്കൊണ്ട് പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനും കഴിയും. ഭാഷയിലെ വൈജ്ഞാനിക സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും എല്ലാ വിജ്ഞാനങ്ങളെയും ഉൾക്കൊള്ളാൻ ഭാഷയെ പ്രാപ്തമാക്കുന്നതിനും പരിഭാഷ സഹായകമാകും. |
| (സി) | വിവിധ വിഷയങ്ങളിലെ സാങ്കേതിക പദങ്ങളുടെ വിവർത്തനം അടങ്ങുന്ന മലയാള നിഘണ്ടു പ്രസിദ്ധീകരിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതോടൊപ്പം മലയാളത്തിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക ശബ്ദാവലി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ